## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1401** **22/03/2013**-ൽ മറുപടിക്ക്

ട്രാംവേ റെയിൽ പൈതൃക മ്യൂസിയം.

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടി കേന്ദ്രമായി "ട്രാംവെ റെയിൽ പൈതൃക മ്യൂസിയം" സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ? | (എ) | ചാലക്കുടി കേന്ദ്രമാക്കി റെയിൽവേ ട്രാംവേ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ ഭാഗമായി പുരാവസ്തുവകുപ്പ് ഡയറക്ടർ, വകുപ്പിലെ കൺസർവേഷൻ എഞ്ചിനീയർ, ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തുടങ്ങിയവർ ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെയും ചാലക്കുടി എം.എൽ.എ യുടെയും സാന്നിദ്ധ്യത്തിൽ വിശദമായി ചർച്ച നടത്തിയിരുന്നു. പറമ്പിക്കുളം ഡിവിഷനിൽ ഉൾപ്പെടുന്ന വനമേഖലയിലാണ് സംരക്ഷിക്കപ്പെടേണ്ട ട്രാംവേ ശേഷിപ്പുകൾ ഉള്ളത്. ആയതിനാൽ വനം വകുപ്പിന്റെ സഹകരണത്തോടുകൂടി പുരാവസ്തു വകുപ്പ് പ്രസ്തുത വനം മേഖലയിൽ വിശദമായ പര്യവേഷണവും, പഠനവും നടത്തിയതിനുശേഷം ഇവ സംരക്ഷിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് 19/3/2013 -ൽ സർക്കാർ തലത്തിലും കൂടിയ യോഗം തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ